DESPATCHED
On... 11/06/2020

17/03/2020.




**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 ൦൩൩**
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in


**ഹർജി നമ്പർ AP.1458(2)/2018/എസ്.ഐ.സി**
**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം**
**(ഫയൽ നം.10326/എസ്.ഐ.സി-ജി6/19**

**സന്നിഹിതൻ**
**ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ**

ശ്രീമതി. മായ.എൻ
മേക്കേ കോട്ടക്കുഴി
പൂതംകോട്, നെല്ലിമൂട് പി.ഒ
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
സബ് രജിസ്ട്രാർ
സബ് രജിസ്ട്രാർ ഓഫീസ്
കുന്നത്തുകാൽ,തിരുവനന്തപുരം

2. അപ്പീൽ അധികാരി ആന്റ് ജില്ലാ രജിസ്ട്രാർ(ജനറൽ)
ജില്ലാ രജിസ്ട്രാർ(ജനറലുടെ) കാര്യാലയം
ട്രാൻസ്പോർട്ട് ഭവൻ ബിൽഡിംഗ്, കിഴക്കേക്കോട്ട
തിരുവനന്തപുരം ഫോർട്ട് പി.ഒ-695023
} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 19.02.2019 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 23.02.2019 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 15.03.2019 |
| ഒന്നാം അപ്പീലിന് മറുപടി ലഭ്യമാക്കിയ തീയതി | 08.04.2019 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 14.06.2019 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 17.06.2019 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 03.09.2019 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 28.09.2019 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 28.10.2019 കമ്മീഷൻ ആസ്ഥാനം തിരുവനന്തപുരം |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു<br>ഹാജരായിരുന്നു |

# ഉത്തരവ്

അപ്പീൽ ഹർജിക്കാരി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൾ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൻമേൽ തൃപ്തികരമായ മറുപടി ലഭ്യമാക്കിയില്ല എന്നും ആയതിനാൽ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും അപ്പീൽ അധികാരി എസ്.പി.ഐ.ഒ യുടെ മൊഴി ശരി വെച്ചിരിക്കുന്നതിനാൽ 2-ാം അപ്പീൽ നൽകിയതാണെന്നും ടിയാൾ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും മറ്റുമാണ്.

2. വിവരാവകാശ നിയമത്തിലെ 6(1) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരി 19.02.2019 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഇനം 1ൽ ആനാവൂർ വില്ലേജിൽ റീസർവ്വേ ബ്ലോക്ക് 38 ൽ റീ സർവേ 506/19ൽ ഉൾപ്പെട്ട 40.86 ആർ പുരയിടം കെ.എഫ്.സി യിൽ നെൽസൺ എന്നയാൾ ജാമ്യം വെച്ചിട്ടുള്ളതായി ടി ഓഫീസിൽ അറിയിപ്പ് ലഭിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ ഫയൽ നമ്പരും, തീയതിയും ഇനം 2ൽ 753/8-ാം നമ്പർ വിലയാധാരം നടക്കുമ്പോൾ ടി ഓഫീസിന്റെ ചുമതലയുള്ള സബ് രജിസ്ട്രാർ ആരായിരുന്നുവെന്നും, ടിയാന്റെ പേരും മേൽവിലാസവും തുടങ്ങി 3 ഇനം വിവരങ്ങളാണ് ആവശ്യപ്പെട്ടത്.

3. മേൽപ്പടി അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 23.02.2019 തീയതി നൽകിയ മറുപടിയിൽ അറിയിച്ചത്, ഹർജിക്കാരി ആവശ്യപ്പെട്ട വിവരങ്ങൾ ടി ഓഫീസിൽ തയ്യാറാക്കി സൂക്ഷിക്കുന്ന ഒരു രേഖയല്ലെന്നും, മറിച്ച്, അപേക്ഷയുടെ അടിസ്ഥാനത്തിൽ രജിസ്റ്ററുകളിൽ തിരച്ചിലും പരിശോധനയും നടത്തി തയ്യാറാക്കി നൽകുന്ന രേഖയാണെന്നും, ആയതിനാൽ ഒരു വ്യക്തി നടത്തിയിട്ടുള്ളതോ ഒരു പ്രത്യേക വസ്തുവിൽ നടന്നിട്ടുള്ളതോ ആയ എല്ലാ ഇടപാടുകളേയും കാണിക്കുന്ന ഒരു ബാദ്ധ്യതാ സർട്ടിഫിക്കറ്റായി പരിഗണിച്ച് നടപടി സ്വീകരിക്കാനുള്ളതാണെന്നും, അപേക്ഷയിലെ അനന്തരനടപടികൾ സ്വീകരിക്കുന്നതിനായി ഓഫിസിലെ വിവിധ കാലയളവുകളിലെ രേഖകൾ തിരച്ചിൽ നടത്തി അപേക്ഷയിൽ പ്രതിപാദിച്ചിരിക്കുന്ന വ്യക്തികളുടെ പേരിലുള്ള വസ്തു വിവരങ്ങളടങ്ങിയ ഒരു ബാദ്ധ്യതാ സർട്ടിഫിക്കറ്റായി ലഭിക്കുന്നതിന് രജിസ്ട്രേഷൻ നിയമപ്രകാരം ഫീസടച്ച് രേഖകൾ കൈപ്പറ്റാവുന്നതാണെന്നും ഇനം 2നും 3നും മറുപടി നൽകുകയും ചെയ്തു.

4. മേൽപ്പടി മറുപടിയ്ക്കെതിരെ ഹർജിക്കാരി 15.03.2019 തീയതി രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചു. ആയതിൽ അറിയിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ നൽകിയ മറുപടി തൃപ്തികരമല്ല എന്നും 1,3 ചോദ്യങ്ങൾക്ക് വ്യക്തമായ മറുപടി നൽകണമെന്നുമാണ്.

5. മേൽപ്പടി അപ്പീൽ അപേക്ഷയിൻമേൽ രണ്ടാം എതിർകക്ഷി 08.04.2019 തീയതി നൽകിയ മറുപടിയിൽ അറിയിച്ചത്, അപ്പീൽ അപേക്ഷയും അനുബന്ധ രേഖകളും പരിശോധിച്ചതിൽ ഇനം 1,3 എന്നിവയ്ക്ക് എസ്.പി.ഐ.ഒ നൽകിയ മറുപടി തൃപ്തികരമായി കാണുന്നതിനാൽ അപ്പീൽ അപേക്ഷ തീർപ്പാക്കുന്നുവെന്നാണ്.

6. 26.09.2019 തീയതി രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, 2014 ലെ 1991-ാം നമ്പർ ബാദ്ധ്യതാസർട്ടിഫിക്കറ്റിൽ വിട്ടുപോയിട്ടുണ്ടെന്ന് ഹർജിക്കാരി ആരോപിക്കുന്ന ബാദ്ധ്യത, കുന്നത്തുകാൽ സബ്രജിസ്ട്രാർ ആഫീസിലെ രേഖകൾ പരിശോധിച്ചതിൽ നിന്നും, ഇത്തരത്തിലുള്ള ബാദ്ധ്യതയുള്ളതായി കാണുന്നില്ലെന്നും രജിസ്ട്രേഷൻ റൂളിനു വിധേയമായാണ് ബാദ്ധ്യതാ സർട്ടിഫിക്കറ്റ് നൽകിവരുന്നതെന്ന് സബ്രജിസ്ട്രാർ റിപ്പോർട്ട് ചെയ്തിരിക്കുന്നുവെന്നും, വിവരാവകാശ അപേക്ഷയിലെ 1,3 ചോദ്യങ്ങൾ പ്രകാരം കക്ഷി ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടുള്ള രേഖയല്ലായെന്നും തിരിച്ചിലും, പരിശോധനയും നടത്തി തയ്യാറാക്കി നൽകുന്ന രേഖയാണെന്നും, ബാദ്ധ്യത സർട്ടിഫിക്കറ്റ് നൽകുക വഴി ലഭിക്കുന്ന തിരച്ചിൽ ഫീസ് രജിസ്ട്രേഷൻ വകുപ്പിന്റെ വരുമാനമാർഗങ്ങളിലൊന്നാണെന്നും, മേൽ സേവനങ്ങൾക്ക് നിശ്ചിതഫീസ് ഈടാക്കേണ്ടതാണെന്ന് ബഹു.വിവരാവകാശ കമ്മീഷണറുടെയും, രജിസ്ട്രേഷൻ ഐ.ജിയുടെയും ഉത്തരവുകളുണ്ടന്നും മറ്റുമാണ്.

7. അപ്പീൽ ഹർജിയും ഹിയറിംഗിന് എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും നേരിൽ കേട്ടതിലും അപ്പീൽ ഹർജിക്കാരി സമർപ്പിച്ച വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന വിവരങ്ങൾക്കായി ടി വകുപ്പിന്റെ പരിധിയിൽ വരുന്ന രേഖകൾ പരിശോധിച്ചതിൽ നിന്നും, ഹർജിക്കാരി ആരോപിക്കുന്ന ബാദ്ധ്യതയുള്ളതായി കാണുന്നില്ലെന്നും രജിസ്ട്രേഷൻ റൂളിനു വിധേയമായാണ് ബാദ്ധ്യതാ സർട്ടിഫിക്കറ്റ് നൽകിവരുന്നതെന്നുമുള്ള എസ്.പി.ഐ.ഒയുടെ മൊഴി വിശ്വാസത്തിലെടുത്തുകൊണ്ട് ഈ അപ്പീൽ ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 മാർച്ച് 17-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM

RIGHT TO INFORMATION